"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ് - പ്ലാൻ സ്കീം 2025-26 - സ്മാർട്ട് വില്ലേജ് ഓഫീസ് നിർമ്മാണത്തിനായി തൃശ്ശൂർ ജില്ലയിലെ ചാലക്കുടി മേലൂർ വില്ലേജ് ഓഫീസിന് നൽകിയ ഭരണാനുമതി മുകുന്ദപുരം താലൂക്കിലെ കട്ടപ്പശ്ശേരി വില്ലേജ് ഓഫീസിന് മാറ്റി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (എഫ്) വകുപ്പ്**

സ.ഉ.(സാധാ) നം.695/2026/RD തീയതി,തിരുവനന്തപുരം, 15-03-2026

---

പരാമർശം:- 1. 15.10.2025 തീയതിയിലെ സ.ഉ(സാധാ) നം. 2371/2025/റവ നമ്പർ സർക്കാർ ഉത്തരവ്.

2. ലാന്റ് റവന്യൂ കമ്മീഷണറുടെ 10.02.2026 ലെ LR/12089/2025 LR (M2) നമ്പർ കത്ത്

**ഉത്തരവ്**

പ്ലാൻ സ്കീം 2025-26-ൽ ഉൾപ്പെടുത്തി സ്മാർട്ട് വില്ലേജ് ഓഫീസ് കെട്ടിട നിർമാണത്തിനായി തൃശ്ശൂർ ജില്ലയിലെ മേലൂർ വില്ലേജ് ഓഫീസിന് 50 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി പരാമർശം 1 പ്രകാരം ഉത്തരവായിരുന്നു.

2] എന്നാൽ നിലവിൽ മേലൂർ വില്ലേജ് ഓഫീസ് കെട്ടിടത്തിന് കാര്യമായ പഴക്കമില്ലാത്തതിനാൽ കെട്ടിടം പൊളിച്ച് പണിയേണ്ട സാഹചര്യമില്ലെന്നും ചാലക്കുടി താലൂക്കിൽ ഓഫീസ് കെട്ടിടം പൊളിച്ചുമാറ്റി പുതിയ കെട്ടിടം നിർമ്മിക്കേണ്ട വില്ലേജുകൾ ഇല്ലാത്തതിനാൽ മേലൂർ വില്ലേജ് ഓഫീസിന് അനുവദിച്ച ഭരണാനുമതി മുകുന്ദപുരം താലൂക്കിലെ കട്ടപ്പശ്ശേരി വില്ലേജ് ഓഫീസിന് മാറ്റി അനുവദിക്കണമെന്ന് തൃശ്ശൂർ ജില്ലാ കളക്ടർ അപേക്ഷിച്ചിട്ടുള്ളതായും മേൽ സാഹചര്യത്തിൽ തൃശ്ശൂർ ജില്ലയിലെ ചാലക്കുടി താലൂക്കിലെ മേലൂർ വില്ലേജ് ഓഫീസിന് (ചാലക്കുടി നിയോജകമണ്ഡലം) സ്മാർട്ട് വില്ലേജ് നിർമാണത്തിന് അനുവദിച്ച ഭരണാനുമതി തൃശ്ശൂർ ജില്ലയിലെ മുകുന്ദപുരം താലൂക്കിലെ കട്ടപ്പശ്ശേരി വില്ലേജ് ഓഫീസിന് (ഇരിങ്ങാലക്കുട നിയോജകമണ്ഡലം) മാറ്റി അനുവദിക്കണമെന്ന് പരാമർശത്തിലെ കത്ത് പ്രകാരം ലാന്റ് റവന്യൂ കമ്മീഷണർ അഭ്യർത്ഥിച്ചിരിക്കുന്നു.

3] സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പ്ലാൻ സ്കീം 2025-26-ൽ ഉൾപ്പെടുത്തി സ്മാർട്ട് വില്ലേജ് ഓഫീസ് നിർമ്മാണത്തിനായി തൃശ്ശൂർ ജില്ലയിലെ മേലൂർ വില്ലേജ് ഓഫീസിന് അനുവദിച്ചിരുന്ന ഭരണാനുമതി തൃശ്ശൂർ ജില്ലയിലെ മുകുന്ദപുരം താലൂക്കിലെ കട്ടപ്പശ്ശേരി വില്ലേജ് ഓഫീസിന് (ഇരിങ്ങാലക്കുട നിയോജകമണ്ഡലം) മാറ്റി അനുവദിച്ച് ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
റ്റി ആർ ജയപാൽ
അഡിഷണൽ സെക്രട്ടറി

കമ്മീഷണർ, ലാൻഡ് റവന്യൂ തിരുവനന്തപുരം
ജില്ലാ കളക്ടർ, തൃശ്ശൂർ

അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരള, തിരുവനന്തപുരം
ധനകാര്യ വകുപ്പ്
വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)
(സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Sheeba V R
സെക്ഷൻ ഓഫീസർ
Date: 15-03-2026 16:05:48